# Desabhimani
# 21 Augustv 2018
# C.S I Rehabilitation, Worth 5 crore



## സിഎസ്ഐ സഭയ്ക്ക് 5 കോടിയുടെ പുനരധിവാസ പദ്ധതികൾ

**കോട്ടയം**

പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങൾക്കായി അഞ്ച് കോടി രൂപയുടെ പദ്ധതികൾ സിഎസ്ഐ സഭ പ്രഖ്യാപിച്ചു. കേരളത്തിലെ ആറ് സിഎസ്ഐ മഹായിടവകകളുടെയും നേതൃത്വത്തിൽ പ്രളയബാധിത മേഖലകളിൽ സജീവമായ രക്ഷാ-ദുരിതാശ്വാസപ്രവർത്തനങ്ങൾ നടന്നുവരികയാണ്. സഭയുടെ എല്ലാ സ്ഥാപനങ്ങളും ദേവാലയങ്ങളും ദുരിതാശ്വാസ ക്യാമ്പുകൾക്കായി തുറന്നു കൊടുത്തിട്ടുമുണ്ട്.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഏകദേശം ഒരു കോടിയോളം രൂപ സഭ ഇതുവരെ ചെലവാക്കി കഴിഞ്ഞതായി സിഎസ്ഐ മോഡറേറ്റർ ബിഷപ് തോമസ് കെ ഉമ്മൻ പത്രക്കുറിപ്പിൽ അറിയിച്ചു.

സഭയുടെ വിവിധ ആശുപത്രികളുടെ സഹകരണത്തിൽ നടത്തുന്ന മെഡിക്കൽ ക്യാമ്പുകൾ ചൊവ്വാഴ്ച മുതൽ ആരംഭിക്കുമെന്നും പറഞ്ഞു.